**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല**

**പ്രവചന കാലയളവ് 09.8.2022 മുതൽ 13.8.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 32/2022,(63) തിങ്കളാഴ്ച | തീയ്യതി 08/8/2022 |
|---|---|

**1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീക രണം (മി.മി) |
|---|---|---|---|---|---|---|---|
| (379.6) | (24.3-28.7) | (22.3-23.0) | (95-100) | (79-99) | (2.0-4.0) | (0.0-0.2) | (1.1-2.3) |

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 09.08.2022 | 10.08.2022 | 11.08.2022 | 12.08.2022 | 13.08.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 14 | 12 | 11 | 6 | 3 |
| ഉയർന്ന താപനില (°C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 87 | 87 | 87 | 87 | 87 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 8 | 6 | 5 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 320 | 250 | 320 | 320 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 7 | 7 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ആഗസ്റ്റ് 09 | 2022 ആഗസ്റ്റ് 10 | 2022 ആഗസ്റ്റ് 11 | 2022 ആഗസ്റ്റ് 12 | 2022 ആഗസ്റ്റ് 13 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

**3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതു നിർദേശങ്ങൾ: മഴയ്ക്ക് സാധ്യതയുള്ളതിനാൽ, നെല്പാടങ്ങളിലും കൃഷിയിടങ്ങളിലും നീർവാർച്ചസൗകര്യങ്ങൾ ഉറപ്പാക്കുക . സാധ്യതയുള്ളതിനാൽ കാറ്റിനു വാഴയ്ക്ക് താങ്ങുകാൽ നൽകി സംരക്ഷിക്കുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക . ആവശ്യമെങ്കിൽ മാത്രം നാലഞ്ച് മണിക്കൂർ മഴയില്ലാത്ത സമയത്ത് കീടനാശിനികൾ പശ ചേർത്ത് തളിക്കാവുന്നതാണ്.കന്നുകാലികളെ സുരക്ഷിതമായ സ്ഥലങ്ങളിൽ പാർപ്പിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് – വിരിപ്പ്- ചിന്നപ്പ് പൊട്ടുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചിൽ | മഴക്കാലത്ത് നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇല കരിച്ചിൽ രോഗത്തിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും, 20 ഗ്രാം സ്യൂഡോമോണാസ് കലക്കിയതും ചേർത്ത് തളിച്ചുകൊടുക്കുക. രോഗം പടരുന്നത് തടയാൻ ഒരു ഏക്കറിന് 100 ഗ്രാം ബ്ലീച്ചിംഗ് പൗഡർ 20 കിഴികളിലായി കെട്ടി വെള്ളചാലിൽ ഇട്ടുകൊടുക്കുക. രോഗം രൂക്ഷമാകുമ്പോൾ ആന്റിബയോട്ടിക്കായ സ്ട്രെപ്റ്റോസൈക്ലിൻ ലിറ്റർ 30 ഗ്രാം 6 വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക |
| വാഴ | ഇലപ്പുള്ളി രോഗം | മഴക്കാലത്ത് വാഴയിൽ ഇലപ്പുള്ളിരോഗത്തിന് സാധ്യതയുണ്ട്. മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കുളിർക്കെ തളിക്കുക. കൂടാതെ താഴ്ന്ന പ്രദേശങ്ങളിലെ വാഴത്തോട്ടങ്ങളിൽ നീർവാർച്ചാ സൗകര്യം ഉറപ്പുവരുത്തുക. ഇലപ്പുള്ളി രോഗം കാണുകയാണെങ്കിൽ ഒരു മില്ലി ഹെക്സാകൊണാസോ.ൾ ഒരു ലിറ്റർവെള്ളത്തിൽ അല്ലെങ്കിൽ ഒരു മി ലി.പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിലും പതിയക്ക വിധം കുളിർക്കെ തളിക്കുക . |

മൃഗസംരക്ഷണം - തൊഴുത്തും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുക. വെള്ളക്കെട്ട് ഇല്ലാതിരിക്കാൻ ശ്രദ്ധിക്കുക. ജലസ്രോതസുകളിൽ മലിന ജലം കലരാൻ ഇടയുള്ളതിനാൽ അണുനാശിനി ചേർത്ത് ശുദ്ധീകരിച്ച വെള്ളം മാത്രം കുടിക്കാൻ കൊടുക്കുക. (CAADECCS, *KVASU, Mannuthy*).